# പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം.

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3491 12/12/2014 ൽ മറുപടിയ്ക്ക്

## റബ്ബറിന്റെ വിലത്തകർച്ച മൂലം കടക്കെണിയിലായ ചെറുകിട കർഷകർ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ.കെ.സുരേഷ് കുറുപ്പ് | | ശ്രീ. കെ.പി. മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി) |
| (എ) | റബ്ബറിന്റെ വിലത്തകർച്ച മൂലം കടക്കെണിയിലായ ഇടത്തരം ചെറുകിട കർഷകർക്ക് റബ്ബർ ബോർഡിൽ നിന്നും സഹായം ലഭ്യമാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; നിലവിൽ ലഭിക്കുന്ന സഹായം എത്രയെന്ന് വ്യക്തമാക്കാമോ; | (എ) | റബ്ബർ പരമ്പരാഗതമായി കൃഷി ചെയ്യുന്ന സ്ഥലങ്ങളിൽ റബ്ബർ കൃഷി വ്യാപിപ്പിക്കുന്നതിന് ഹെക്ടറിന് 25000 രൂപയും പരമ്പരാഗതമല്ലാത്ത സ്ഥലങ്ങളിൽ കൃഷി ചെയ്യുന്നതിന് ഹെക്ടറിന് 35000 രൂപ നിരക്കിലും റബ്ബർ ബോർഡ് സബ്സിഡി നൽകുന്നു. |
| (ബി) | റബ്ബറിന്റെ ഇറക്കുമതിച്ചുങ്കം വർദ്ധിപ്പിക്കാനും ഇറക്കുമതി നിയന്ത്രിക്കാനും കേന്ദ്ര സർക്കാരിന്മേൽ സമ്മർദ്ദം ചെലുത്താൻ തയ്യാറാകുമോ? | (ബി) | റബ്ബർ കർഷകർ നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കുവാൻ കേന്ദ്ര സർക്കാർ ഇടപെടുന്നതിനായി സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിലേക്ക് സമർപ്പിച്ചിട്ടുള്ള നിവേദനത്തിൽ റബ്ബർ ഇറക്കുമതി തടയുക, റബ്ബർഷീറ്റിന്റേയും റബ്ബർ ഉൽപ്പന്നങ്ങളുടെയും ഇറക്കുമതി ചുങ്കം 8 ശതമാനത്തിൽ നിന്നും 40 ശതമാനമായി വർദ്ധിപ്പിക്കുക, ബ്ലോക്ക് റബ്ബറിന്റെ ഇറക്കുമതി ചുങ്കം 40% ആയി വർദ്ധിപ്പിക്കുക എന്നീ ആവശ്യങ്ങൾ ഉൾപ്പെടുത്തിയിരുന്നു. |

സെക്ഷൻ ഓഫീസർ